'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃപ്പൂണിത്തുറ നഗരസഭയിലെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. എസ്.വി രാജേഷ്, ശ്രീമതി. ജൂലി മാർക്കോസ്, ശ്രീമതി. എസ്. എൻ ഫാസില ബീഗം എന്നിവർ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരായി സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.227/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 ശ്രീമതി. എസ്.എൻ ഫാസില ബീഗം സമർപ്പിച്ച 17.01.2019 തീയതിയിലെ അപ്പീൽ അപേക്ഷ

2 ശ്രീമതി. എസ്.എൻ ഫാസില ബീഗം സമർപ്പിച്ച 17.01.2019 തീയതിയിലെ അപ്പീൽ അപേക്ഷ

3 ശ്രീമതി. ജൂലി മാർക്കോസ് സമർപ്പിച്ച 11.02.2019 തീയതിയിലെ അപ്പീൽ അപേക്ഷ

4 ശ്രീമതി. ജൂലി മാർക്കോസ് സമർപ്പിച്ച 11.02.2019 തീയതിയിലെ അപ്പീൽ അപേക്ഷ

5. നഗരകാര്യഡയറക്ടറുടെ 03.10.2019 തീയതിയിലെ വി3-22871/14 നമ്പർ കത്ത്

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ തൃപ്പൂണിത്തുറ നഗരസഭയിലെ റവന്യൂ വിഭാഗത്തിലെ R1, R2 എന്നീ രണ്ട് സെക്ഷനുകളിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന രജിസ്റ്ററുകൾ യഥാവിധം പരിപാലിക്കുന്നില്ല എന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല എന്നും PW II, PW IV എന്നീ സെക്ഷനുകളിൽ 570

പെർമിറ്റ് അപേക്ഷകളിൽ 97 എണ്ണം തീർപ്പാക്കാതിരുന്നതായും കണ്ടെത്തിയിരുന്നു. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് കണ്ടെത്തിയ ടി നഗരസഭയിലെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ.എസ്.വി.രാജേഷ്, ശ്രീമതി.ജൂലി മാർക്കോസ്, ശ്രീമതി എസ്.എൻ. ഫാസില ബീഗം എന്നിവർക്കെതിരേ അച്ചടക്കനടപടി ആരംഭിക്കുകയും കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ബന്ധപ്പെട്ട ജീവനക്കാർ സമർപ്പിച്ച മറുപടി, കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യ വകുപ്പിന്റെ ശുപാർശ എന്നിവ പ്രകാരം ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം പ്രസ്തുത അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് അവസാനിപ്പിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.എസ്.പി. രാജേഷ് ശ്രീമതി ഫാസില ബീഗം, ശ്രീമതി.ജൂലി മാർക്കോസ് എന്നിവർ സർക്കാരിൽ പുനപരിശോധന അപേക്ഷകൾ സമർപ്പിച്ചിരുന്നു .

2. ശ്രീമതി.എസ്.എൻ. ഫാസില ബീഗം സമർപ്പിച്ച അപേക്ഷ പ്രകാരം ടിയാൾ ആലുവ നഗരസഭയിൽ നിന്നും 23.08.2013- ൽ സ്ഥലം മാറ്റം ലഭിച്ച് തൃപ്പൂണിത്തുറ നഗരസഭയിൽ പ്രവേശിച്ചിട്ടുള്ളതും 30.08.2013- ൽ PW2 സെക്ഷന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണെന്നും പ്രസ്തുത PW2 സെക്ഷന്റെ ചുമതല ഏറ്റെടുത്തിട്ട് ഏതാനും ദിവസത്തിന് ശേഷമാണ് 09.09.2013- ൽ വിജിലൻസ് മിന്നൽ പരിശോധന നടന്നിട്ടുള്ളതും രജിസ്റ്റർ പ്രകാരം 97 ഫയലുകൾ തീർപ്പാക്കാത്തതായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്നും ടിയാരി മറുപടി സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിനായുള്ള അപേക്ഷകളിൽ പരിശോധനാ റിപ്പോർട്ട് ലഭിച്ചവയ്ക്ക് അപാകത പരിഹരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതും മറ്റ് അധികാര സ്ഥാപനങ്ങളിൽ നിന്ന് No Objection Certificate ലഭ്യമാക്കേണ്ട ഫയലുകളിൽ യഥാസമയം കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ മുൻകാലങ്ങളിലെപ്പോലെ രേഖപ്പെടുത്തിയിരുന്നില്ലെന്നും തുടർന്നുള്ള കാലയളവിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി വരികയും ചെയ്തിട്ടുണ്ടെന്നും പറയുന്നു. ടിയാരിയുടെ സർവ്വീസിൽ ആദ്യമായി ടൗൺ പ്ലാനിംഗ് സെക്ഷനിൽ ജോലി ചെയ്തു വരവേ പ്രസ്തുത PW2 സെക്ഷന്റെ ചുമതല ഏറ്റെടുത്ത് ഏതാനും ദിവസങ്ങൾക്കുള്ളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ബോധപൂർവ്വമല്ലാത്ത ന്യൂനതകൾ മാപ്പാക്കണമെന്നും ചുമത്തപ്പെട്ട കുറ്റവും ശിക്ഷാ നടപടിയും പുനഃപരിശോധിച്ച് ശിക്ഷാ നടപടികൾ പിൻവലിച്ച്

ഉത്തരവാകണമെന്നും ടിയാൾ അപേക്ഷിക്കുന്നു .

3. ശ്രീമതി. ജൂലി മാർക്കോസ്സമർപ്പിച്ച അപേക്ഷ പ്രകാരം, തൃപ്പൂണിത്തുറ നഗരസഭയിൽ 02.08.2011 മുതൽ R2 സെക്ഷൻ കൈകാര്യം ചെയ്തു വരുന്നുണ്ടെന്നും, ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആനുപാതികമായ നിരക്കിലുള്ള ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതാണെന്നും ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന കാലയളവിൽ റണ്ണിംഗ് ഫയലുകൾക്ക് പുറമേ ഒരു മാസം ഏകദേശം 150 നും 225- നും ഇടയിൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണെന്നും ഓരോ അപേക്ഷകളിന്മേൽ ഉടനടി കാര്യനിവൃത്തി നടത്തിത്തരണമെന്നുമുള്ള അപേക്ഷകരുടെ സമ്മർദ്ദവും ഉണ്ടാകാറുണ്ടെന്നും ടി സാഹചര്യത്തിലും അധിക ജോലി ഭാരം ഉൾക്കൊണ്ടുകൊണ്ട് തന്നെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിൽ കാലതാമസം വരുത്താതെ സമയബന്ധിതമായി തന്നെ ജോലി നിർവ്വഹിച്ചിരുന്നതായി പറയുന്നു. R2 സെക്ഷനിൽ 6 വർഷത്തിലധികം ദീർഘമായ കാലയളവിൽ സേവനം അനുഷ്ഠിച്ച ടിയാരിയുടെ സെക്ഷനിൽ ദിനം പ്രതി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ചിട്ടില്ല എന്ന കാരണത്താലോ അപേക്ഷകളിന്മേൽ മനഃപൂർവ്വമായി കാലതാമസുണ്ടാക്കി എന്ന കാരണത്താലോ പൊതുജനങ്ങളുടെ ഭാഗത്തു നിന്നോ ജനപ്രതിനിധികളുടെ ഭാഗത്തു നിന്നോ മേലുദ്യോഗസ്ഥരുടെ മുമ്പാകെയോ ടിയാരിയെക്കുറിച്ച് യാതൊരു പരാതിയും നാളിതു വരെ ഉണ്ടായിട്ടില്ലാത്തതാണെന്നും നഗരസഭയിലെ ജനസംഖ്യാപ്പെരുപ്പവും അപേക്ഷകളുടെയും ഫയലുകളുടെയും ബാഹുല്യം കാരണമാണ് പേഴ്സണൽ രജിസ്റ്റർ എഴുതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും എന്നാൽ ഫയലുകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതാണെന്നും ആയതിനാൽ ടിയാരിയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയ ഉത്തരവ് പുനഃപരിശോധന നടത്തണമെന്നും ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീമതി.ജൂലി മാർക്കോസ് അപേക്ഷിച്ചിരിക്കുന്നു.

4. ശ്രീ.എസ്.വി.രാജേഷ് സമർപ്പിച്ച അപേക്ഷ പ്രകാരം, കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് സമീപിക്കുന്ന പൊതുജനങ്ങൾക്ക് കാലതാമസവും ബുദ്ധിമുട്ടുകളും പരാമവധി ഒഴിവാക്കാൻ ശ്രദ്ധ പുലർത്തണമെന്ന ഓഫീസ് മേധാവിയുടെ കർശന നിർദ്ദേശം പാലിച്ച് ഫയലുകൾ തീർപ്പാക്കുന്ന രീതി അവലംബിച്ചപ്പോഴുണ്ടായ സമയ ദൗർലഭ്യം കാരണം ടി വിവരങ്ങൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ കഴിയാതെ പോയതെന്നും കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്ററിൽ പെർമിറ്റ്, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്, റിന്യൂവൽ എന്നിവ അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പി.ഡബ്ല്യു 4- സെക്ഷനിൽ അപേക്ഷകളിൽ വന്ന

ക്രമാതീതമായ വർദ്ധനവ് കാരണം അപേക്ഷകളിലെ ന്യൂനതകൾ ഇതര വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി നിരസിച്ച അപേക്ഷകൾ മുതലായവയെ സംബന്ധിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുവാൻ സാധിച്ചിരുന്നില്ലായെന്നും, കൂടാതെ, തിരവാങ്കുളം പഞ്ചായത്ത് പ്രദേശം കൂടി തൃപ്പൂണിത്തുറ നഗരസഭയോട് കൂട്ടിച്ചേർത്തതിനാൽ കെട്ടിട നിർമ്മാണ അപേക്ഷകളുടെയും കോടതി കേസ്സുകളുടെയും കാര്യത്തിൽ രണ്ടിരട്ടി വർദ്ധനവുണ്ടായെന്നും ടിയാൻ ബോധിപ്പിച്ചിരിക്കുന്നു. ആയതിനാൽ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞത് പുനഃപരിശോധിച്ച് റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിലൂടെ ടിയാൻ ബോധിപ്പിച്ചിട്ടുള്ളത്.

5. പുനപരിശോധന അപേക്ഷകളിൽ നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആരോപണ വിധേയരായ ജീവനക്കാരായ ശ്രീമതി.എസ്.എൻ. ഫാസില ബീഗം, ശ്രീമതി . ജൂലി മാർക്കോസ്,ശ്രീ.എസ്.വി.രാജേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി.എസ്.എൻ.ഫാസില ബീഗം ആലുവ നഗരസഭയിൽ നിന്നും 23.08.13- ൽ സ്ഥലം മാറ്റം ലഭിച്ച് തൃപ്പൂണിത്തുറ നഗരസഭയിൽ പ്രവേശിച്ചിട്ടുള്ളതും 30.08.2013-ൽ pw2 സെക്ഷന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനു ശേഷം 09.09.2013- ൽ ആണ് തൃപ്പൂണിത്തുറ നഗരസഭയിൽ വിജിലൻസ് പരിശോധന നടന്നിട്ടുള്ളത്. ആയത് പരിഗണിക്കുമ്പോൾ ശ്രീമതി .എസ്.എൻ.ഫാസില ബീഗം തൃപ്പൂണിത്തുറ നഗരസഭയിൽ പ്രവേശിച്ച് കേവലം 10 ദിവസത്തിനകമാണ് പരാമർശിത കുറ്റങ്ങൾ ടിയാരിയിൽ ആരോപിക്കപ്പെട്ടിട്ടുള്ളതായി കാണുന്നത്. ആയതിനാൽ ശ്രീമതി.എസ്.എൻ.ഫാസില ബീഗം സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. .

6. ആരോപണ വിധേയരായ മറ്റ് ജീവനക്കാരായ ശ്രീമതി. ജൂലി മാർക്കോസ്, ശ്രീ. എസ്.വി. രാജേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ അമിതമായ ജോലി ഭാരമാണ് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുൾക്ക് കാരണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ നഗരസഭയിൽ ലഭ്യമാക്കുന്ന വിവിധ തരം അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതും അപേക്ഷകൾ തൻപതിവേടിൽ രേഖപ്പെടുത്താതിരിക്കുന്നതും നടപടികൾ സ്വീകരിച്ചവ തൻപതിവേടിലെയും മറ്റ് രജിസ്റ്ററുകളിലെയും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്താതിരിക്കുന്നതും രജിസ്റ്ററുകൾ ശരിയാം വിധം പരിപാലിക്കാത്തതും നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ഇല്ലാത്തതും ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ ശ്രീമതി.ജൂലി മാർക്കോസ്,ശ്രീ.എസ്.വി.രാജേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ

അപേക്ഷ പരിഗണനാർഹമല്ല എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7.സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് സഹിതം പരിശോധിച്ചതിൽ അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരേ, ശ്രീമതി. ജൂലി മാർക്കോസ്, ശ്രീ. എസ്.വി. രാജേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന് കാണുന്നു. എന്നാൽ ശ്രീമതി. എസ്.എൻ ഫാസില ബീഗം തൃപ്പൂണിത്തുറ നഗരസഭയിൽ പ്രവേശിച്ച് കേവലം 10 ദിവസത്തിനകമാണ് പരാമർശിത കുറ്റങ്ങൾ ടിയാരിയിൽ ആരോപിക്കപ്പെട്ടിട്ടുള്ളതായി കാണുന്നതെന്നതിനാൽ ശ്രീമതി. എസ്. എൻ. ഫാസില ബീഗം സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമാണ്.

8. മേൽ സാഹചര്യത്തിൽ അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരേ, ശ്രീമതി. ജൂലി മാർക്കോസ്, ശ്രീ. എസ്.വി. രാജേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ടും ശ്രീമതി. എസ്.എൻ ഫാസില ബീഗം സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാരിക്കെതിരായ അച്ചടക്കനടപടിയുടെ ഭാഗമായി ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ നടപടി റദ്ദ് ചെയ്തുകൊണ്ടും, അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. ജൂലി മാർക്കോസ്, സെക്ഷൻ ക്ലർക്ക്, തൃപ്പൂണിത്തുറ നഗരസഭ

( നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. എസ്.വി. രാജേഷ്, സെക്ഷൻ ക്ലർക്ക്, തൃപ്പൂണിത്തുറ നഗരസഭ

( നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീമതി. എസ്.എൻ ഫാസില ബീഗം, സെക്ഷൻ ക്ലർക്ക്, തൃപ്പൂണിത്തുറ നഗരസഭ

( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ